നമ്പർ: 257/2016

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ**
**ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

നമ്മുടെ മലങ്കര സഭയിലെ എല്ലാ ഇടവക പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,

"മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം കൂടി തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച നടപടി ചട്ടങ്ങൾ" ഭേദഗതി ചെയ്ത് 2016 സെപ്റ്റംബർ മാസം 30-ാം തീയതിയിലെ 236/2016-ാം നമ്പർ കൽപനയിലൂടെ പ്രഖ്യാപിച്ച് ആയത് പുസ്തക രൂപത്തിൽ അച്ചടിച്ച് നമ്മുടെ മുദ്രവച്ച് ഇതിനോടകം അയച്ചുതന്നിട്ടുണ്ടല്ലോ. അച്ചടി സംബന്ധിച്ച സാങ്കേതിക പ്രശ്നങ്ങൾ നിമിത്തം ടി നടപടിച്ചട്ടങ്ങളോടൊപ്പം പ്രസിദ്ധീകരിച്ചിരുന്ന 'അനുബന്ധങ്ങ'ളിൽ ചേർത്തിട്ടുള്ള ഫാറങ്ങളുടെ മാതൃക പൂർണ്ണമായിരുന്നില്ല. ഈ വിഷയം നമ്മുടെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി നടപടിച്ചട്ടങ്ങളുടെ 'അനുബന്ധങ്ങൾ' പൂർത്തീകരിച്ച് ആവശ്യമായ ഭേദഗതികളോടെ "മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം കൂടി തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച നടപടി ചട്ടങ്ങൾ" പുനഃപ്രസിദ്ധീകരിച്ച് ഈ കൽപനയിലൂടെ നടപ്പിൽ വരുത്തി നമ്മുടെ മുദ്രവച്ച് ഇതോടൊപ്പം അയച്ചുതരുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2016 ഒക്ടോബർ മാസം 25-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.